പതിനാലാം കേരള നിയമസഭ

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3858** 21-6-2019 ൽ മറുപടിക്ക്

## വെഹിക്കിൾ ട്രാക്കിംഗ് ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് കെൽട്രോൺ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ഡോ.എം.കെ.മുനീർ**<br>**ശ്രീ.മഞ്ഞളാംകുഴി അലി**<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**ശ്രീ. കെ.എം.ഷാജി** | **ശ്രീ. ഇ.പി. ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| എ) ഏതെല്ലാം സർക്കാർ വകുപ്പുകളിലാണ് കെൽട്രോണിന്റെ വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം ഉപയോഗിച്ചുവരുന്നത്; | എ) കെൽട്രോണിന്റെ വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം ഉപയോഗിക്കുന്ന സർക്കാർ വകുപ്പുകൾ ചുവടെ ചേർക്കുന്നു :<br>(1) ആഭ്യന്തര വകുപ്പ്(കേരള പോലീസ് )<br>(2) ഫിഷറീസ് വകുപ്പ്<br>(3) വിനോദ സഞ്ചാര വകുപ്പ്<br>(4) ആരോഗ്യ വകുപ്പ് (കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് )<br>(5) പെരിയാർ ടൈഗർ റിസർവ്വ് ഫോറസ്റ്റ് |
| ബി) വാഹനങ്ങളിലെ ട്രാക്കിംഗ് സംവിധാനങ്ങളുടെ വർദ്ധിച്ചുവരുന്ന സാധ്യതകൾ പ്രയോജനപ്പെടുത്തി വെഹിക്കിൾ ട്രാക്കിംഗ് ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് കെൽട്രോൺ എന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ? | ബി) വാഹനങ്ങളിലെ ട്രാക്കിംഗ് സംവിധാനങ്ങളുടെ വർദ്ധിച്ച വരുന്ന സാദ്ധ്യതകൾ മനസ്സിലാക്കി വെഹിക്കിൾ ട്രാക്കിംഗ് ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് കെൽട്രോൺ തയ്യാറെടുക്കുകയാണ്. നിലവിലെ സാഹചര്യത്തിന് ആവശ്യമായ സാങ്കേതിക വിദ്യ തിരഞ്ഞെടുത്ത്, ഉപകരണത്തിന്റെ രൂപകൽപ്പന ചെയ്യുന്ന ഘട്ടത്തിലാണ് . ഇത് പൂർത്തിയാകുന്ന മുറയ്ക്ക് പൈലറ്റ് പ്രൊഡക്ഷനും തുടർന്ന് ഉപകരണ നിർമ്മാണവും സാദ്ധ്യമാകും. വെഹിക്കിൾ ട്രാക്കിംഗ് ആപ്ലിക്കേഷനു വേണ്ടി കേരള സംസ്ഥാനത്തിന്റെ മുഴുവൻ ഡിജിറ്റൽ മാപ്പും കെൽട്രോൺ വികസിപ്പിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ